# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 5734 28.03.2018-ൽ മറുപടിയ്ക്ക്

## വിദേശത്ത് വെച്ച് മരണപ്പെടുന്ന വ്യക്തികളുടെ മൃതദേഹം

| ചോദ്യം<br>ശ്രീ.കെ.ദാസൻ | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) വിദേശത്ത് വെച്ച് അപകടത്തിലോ അസുഖം മൂലമോ മരണപ്പെടുന്ന വ്യക്തികളുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിനായി സർക്കാർ ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക സഹായം നല്കി വരുന്നുണ്ടോ ;എങ്കിൽ വ്യക്തമാക്കാമോ ; | (എ) വിദേശത്ത് വെച്ച് മരണപ്പെടുന്നവരുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിനുള്ള ചെലവുകൾ വഹിക്കുന്നതിലേയ്ക്കായി നോർക്കാ വകുപ്പിന് 'കാരുണ്യം ' പദ്ധതി നിലവിലുണ്ട്. മൃതശരീരം നാട്ടിൽ കൊണ്ടുവരുന്നതിന് ചെലവായ തുക സർക്കാർ മടക്കി നല്കുകയാണ് ചെയ്യുന്നത്. വിദേശത്ത് മരണമടയുന്ന കേരളീയന്റെ ഭൗതിക ശരീരം നാട്ടിൽ കൊണ്ടുവരുന്നതിന് പരമാവധി 50,000/- രൂപയും ഇന്ത്യയിലെ അന്യസംസ്ഥാനങ്ങളിൽ മരണമടയുന്നവരുടെ മൃതദേഹം കൊണ്ടുവരുന്നതിന് പരമാവധി 15,000/- രൂപയുമാണ് നല്കിവരുന്നത്. |
| ബി) ഈ സർക്കാർ നിലവിൽ വന്ന ശേഷം എത്രപേർക്ക്, എത്ര രൂപ നല്കിയിട്ടുണ്ട് ; വ്യക്തമാക്കാമോ; | ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കാരുണ്യം പദ്ധതിയിൻ കീഴിൽ 2 പേർക്കായി 30,000/- രൂപ നല്കിയിട്ടുണ്ട്. |
| സി) ഈ സഹായം ലഭിക്കാനായി കൈക്കൊള്ളേണ്ട നടപടികൾ വിശദമാക്കാമോ ? | സി) മരണമടഞ്ഞ പ്രവാസിയുടെ നിയമാനുസൃതമുള്ള അവകാശികൾക്കാണ് സാമ്പത്തിക സഹായം നല്കുന്നത്. മറ്റൊരു ധനാഗമമാർഗ്ഗവുമില്ലാത്ത സന്ദർഭങ്ങളിൽ മാത്രമേ ഈ സഹായം നല്കുകയുള്ളൂ.<br>മൃതദേഹം നാട്ടിൽ എത്തിച്ച ശേഷം ചെലവായതുക പിന്നീട് അനുവദിക്കുകയാണ് ചെയ്യുന്നത്.<br>വിദേശത്തു വെച്ചുണ്ടായ മരണത്തിന് പരമാവധി 50,000/- രൂപയും ഇന്ത്യയിൽ ഇതര സംസ്ഥാനത്തു വെച്ച് നടക്കുന്ന മരണത്തിന് പരമാവധി 15,000/- രൂപയും സഹായമായി നല്കും. |

**അർഹത**

വിദേശത്ത് വെച്ച് മരിക്കുന്ന പ്രവാസിക്ക് സാധുതയുള്ള ഇന്ത്യൻ പാസ്സ്പോർട്ട് ഉണ്ടായിരിക്കണം. മരണസമയത്ത് അവിടെ നിയമാനുസൃതം താമസിച്ചിരുന്ന /ജോലി ചെയ്തിരുന്ന ആളായിരിക്കണം.

ഇന്ത്യയിൽ ഇതരസംസ്ഥാനത്ത് വെച്ച് മരിക്കുന്ന കേരളീയന്റെ കാര്യത്തിൽ അയാൾ തൊഴിലിന് വേണ്ടി/ജോലി സംബന്ധിച്ച ആവശ്യങ്ങൾക്ക് വേണ്ടി അന്യ സംസ്ഥാനത്ത് സഞ്ചരിക്കുകയോ താമസിക്കുകയോ ചെയ്തിരുന്ന ആളാവണം.

**നടപടിക്രമം**

അന്തരിച്ച പ്രവാസിയുടെ നിയമാനുസൃതമുള്ള അനന്തരാവകാശികൾ നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിച്ചിരിക്കണം. നോർക്കറൂട്ട്സിന്റെ www.norkaroots.net എന്ന വെബ് സൈറ്റിൽ നിന്ന് അപേക്ഷാ ഫോറം ഡൗൺ ലോഡ് ചെയ്ത് എടുക്കാവുന്നതാണ്. അപേക്ഷയിൽ അപേക്ഷകന്റെയും അന്തരിച്ച ആളുടെയും പാസ്പോർട്ട് സൈസ് ഫോട്ടോ ഒട്ടിക്കുകയും അപേക്ഷ, ഫോറത്തിൽ പറഞ്ഞിരിക്കുന്ന എല്ലാ രേഖകളുടെയും സ്വയം സാക്ഷ്യപ്പെടുത്തിയ വ്യക്തതയുള്ള പകർപ്പുകൾ ചേർക്കുകയും വേണം. ആവശ്യപ്പെടുന്ന പക്ഷം അപേക്ഷകൻ പരിശോധനയ്ക്കായി അസ്സൽ രേഖകൾ ഹാജരാക്കേണ്ടതാണ്.

സെക്ഷൻ ഓഫീസർ